ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്കുള്ള രണ്ട് ഇന്ത്യൻ സർവ്വകക്ഷി പ്രതിനിധി സംഘങ്ങൾ ഇന്ന് യാത്ര തിരിച്ചു.

   Two Indian all-party delegations for diplomatic talks on Operation Sindoor departed today.

2. റയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനങ്ങളിൽ അമൃത് ഭാരത് പദ്ധതി, നാഴികക്കല്ലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 103 അമൃത് ഭാരത് സ്റ്റേഷനുകൾ പ്രധാനമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും.

   Prime Minister Narendra Modi said that the Amrit Bharat scheme is a milestone in the development of railway infrastructure. The Prime Minister will inaugurate 103 Amrit Bharat stations tomorrow.

3. ഛത്തിസ്ഗഢിൽ മാവോയിസ്റ്റുകളെ കൊലപ്പെടുത്തിയ നടപടി രാജ്യത്ത് നക്സലിസം തുടച്ചു നീക്കുന്നതിൽ നിർണായകമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Union Home Minister Amit Shah said that the killing of Maoists in Chhattisgarh is crucial in eradicating Naxalism in the country.

4. ബലൂചിസ്ഥാനിലെ സ്ഫോടനവുമായി ബന്ധപ്പെട്ട പാകിസ്ഥാന്റെ ആരോപണങ്ങൾ തള്ളി വിദേശകാര്യ മന്ത്രാലയം.

   The Ministry of External Affairs rejected Pakistan's allegations related to the blast in Balochistan.

5. ഓപ്പറേഷൻ സിന്ദൂറിനു പിന്നിൽ രാജ്യം ഒറ്റക്കെട്ടായി അണി നിരന്നതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

   Governor Rajendra Vishwanath Arlekar said that the country is united behind Operation Sindoor.

6. ഐ പി എലിൽ മുംബൈക്കെതിരെ ഡൽഹി ഫീൽഡിംഗ് തെരഞ്ഞെടുത്തു.

   Delhi chose to field against Mumbai in the IPL,

## DELEGATION

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ഇടപെടലുകളുടെ ഭാഗമായി വിദേശപര്യടനം നടത്തുന്ന ഇന്ത്യൻ സർവകക്ഷി പ്രതിനിധികളുടെ രണ്ട് സംഘം ഇന്ന് ഒമ്പത് രാജ്യങ്ങളിലേക്ക് യാത്ര തിരിച്ചു. ജെഡിയു എംപി, സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിലുള്ള ഒരു സംഘം ഇന്തോനേഷ്യ, മലേഷ്യ, ദക്ഷിണ കൊറിയ, ജപ്പാൻ, സിംഗപ്പൂർ എന്നീ രാജ്യങ്ങൾ സന്ദർശിക്കാനായി ന്യൂഡൽഹിയിൽ നിന്ന് യാത്ര പുറപ്പെട്ടു. ശിവസേന എംപി ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള മറ്റൊരു പ്രതിനിധി സംഘം യുഎഇ, ലൈബീരിയ, കോംഗോ, സിയറ ലിയോൺ എന്നിവിടങ്ങളിൽ സന്ദർശനം നടത്തും. ഭീകരതയെ പിന്തുണയ്ക്കുന്ന പാക് നിലപാട് ലോകത്തിന് മുന്നിൽ തുറന്നുകാട്ടുകയാണ് നയതന്ത്ര സന്ദർശനത്തിലൂടെ ലക്ഷ്യമിടുന്നത്. കനിമൊഴി നയിക്കുന്ന സംഘം നാളെയാണ് യാത്ര തിരിക്കുന്നത്. 59 എം.പിമാർ അംഗങ്ങളായ ഏഴ് പ്രതിനിധി സംഘങ്ങൾ 32 രാജ്യങ്ങളിലാണ് അടുത്ത മാസം 5 വരെ സന്ദർശനം നടത്തുക.

## PM- AMRIT STATION

അമൃത് ഭാരത് പദ്ധതി റയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനകളിൽ നാഴികക്കല്ലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അമൃത് സ്റ്റേഷനുകൾ യാത്രക്കാർക്ക് സുഗമമായ യാത്ര സൗകര്യം പ്രധാനം ചെയ്യുമെന്നും സമൂഹ മാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി സൂചിപ്പിച്ചു. ആധുനിക സൗകര്യങ്ങളോടെ യുള്ള 103 അമൃത് ഭാരത് സ്റ്റേഷനുകളാണ് പ്രധാനമന്ത്രി നാളെ ഉദ്ഘാടനം ചെയ്യുന്നത്. കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകൾക്ക് പുറമേ

മാഹി റെയിൽവേ സ്റ്റേഷനും ഇതിൽ ഉൾപ്പെടുന്നു. രാജസ്ഥാനിലെ ബിക്കാനീറിലാണ് ഉദ്ഘാടന ചടങ്ങ് നടക്കുന്നത്.

## PM-RAJASTHAN VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജസ്ഥാനിലെ ബിക്കാനീറിൽ 26,000 കോടി രൂപയുടെ വികസന പദ്ധതികൾ നാളെ രാഷ്ട്രത്തിന് സമർപ്പിക്കും. റെയിൽവേ, റോഡ്, വൈദ്യുതി, ജലം, പുനരുപയോഗ ഊർജ്ജം തുടങ്ങിയ മേഖലകളിലെ നിർണായക വികസന പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

## VP GOA (INTRO)

സ്ഥിരതയാർന്ന സമുദ്ര സുരക്ഷാ നിയമങ്ങളാണ് രാജ്യത്ത് നിലനിൽക്കുന്നതെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. നിരീക്ഷണ സംവിധാനങ്ങളിലെ ആധുനികവൽക്കരണം, കര-നാവിക സേനാ പ്രവർത്തനങ്ങളിലെ ഏകോപനം എന്നിവ പ്രശംസനീയമായ ചുവടുവയ്പ്പുകളാണെന്നും അദ്ദേഹം പറഞ്ഞു. മർമ്മഗോവ തുറമുഖത്ത് ഇന്ത്യൻ കോസ്റ്റ് ഗാർഡിലെ ഉദ്യോഗസ്ഥരുമായി ശ്രീ. ധൻഖർ സംവദിച്ചു.
(ഹോൾഡ് വോയിസ്)

## HOME MINISTER - NAXALISM

ഛത്തിസ്ഗഢിൽ 27 മാവോയിസ്റ്റുകളെ കൊലപ്പെടുത്തിയ നടപടി രാജ്യത്ത് നക്സലിസം തുടച്ചു നീക്കുന്നതിൽ നിർണായകമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. CPI- മാവോയിസ്റ്റ് സംഘടനയുടെ ജനറൽ സെക്രട്ടറിയായ ബസവരാജുവും കൊല്ലപ്പെട്ട മാവോയിസ്റ്റുകളിൽ ഉൾപ്പെടുന്നതായി ശ്രീ ഷാ സമൂഹ മാധ്യമ പോസ്റ്റിൽ അറിയിച്ചു. 2026 മാർച്ച് 31 ന് മുൻപായി രാജ്യത്ത് നിന്ന് നക്സലിസം പൂർണമായും ഇല്ലാതാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. മാവോയിസ്റ്റ് ഭീഷണി ഇല്ലാതാക്കാനും രാജ്യത്തെ ജനങ്ങൾക്ക് സമാധാനം ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

## INDIA - PAKISTAN

ബലൂചിസ്ഥാനിലെ ഖുസ്ദാറിൽ ബസിലെ സ്ഫോടനവുമായി ബന്ധപ്പെട്ട് പാകിസ്ഥാൻറെ ആരോപണങ്ങൾ തള്ളി ഇന്ത്യ. ഇത്തരം വാദങ്ങൾ അടിസ്ഥാനരഹിതമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. എല്ലാ ആഭ്യന്തര പ്രശ്നങ്ങൾക്കും ഇന്ത്യയെ കുറ്റപ്പെടുത്തുന്നത് പാകിസ്ഥാൻറെ സ്ഥിരം രീതിയായി മാറിയിരിക്കുന്നുവെന്നും രൺധീർ ജയ്സ്വാൾ ആരോപിച്ചു.

## REV.COURT- NATIONAL HERALD

നാഷണൽ ഹെറാൾഡ് കള്ളപ്പണം വെളുപ്പിക്കൽ കേസിൽ കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധിക്കും രാഹുൽ ഗാന്ധിക്കും പ്രഥമദൃഷ്ട്യാ പങ്കുണ്ടെന്ന് എൻഫോഴ്സ്മെൻറ് ഡയറക്ട്രേറ്റ് ഡൽഹി കോടതിയെ അറിയിച്ചു. 142 കോടി രൂപയാണ് ഇരുവർക്കും ലഭിച്ചതെന്ന് പ്രത്യേക ജഡ്ജി മുൻപാകെ ഇ ഡി വ്യക്തമാക്കി. ജൂലൈ 2 മുതൽ 8 വരെ പ്രതിദിന അടിസ്ഥാനത്തിൽ കേസിൽ വാദം കേൾക്കുമെന്ന് കോടതി അറിയിച്ചു.

## APO

ഏഷ്യൻ പ്രൊഡക്ടിവിറ്റി ഓർഗനൈസേഷൻ 67-ാമത് സെഷനിലെ അധ്യക്ഷ സ്ഥാനം ഔദ്യോഗികമായി ഏറ്റെടുത്ത് ഇന്ത്യ. A P O ഇന്ത്യയുടെ ഡയറക്ടറും വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ സെക്രട്ടറിയുമായ അമർദീപ് സിംഗ് ഭാട്ടിയ നയിക്കുന്ന സംഘമാണ് ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്.
ഈ മാസം 22 വരെ ഇന്തോനേഷ്യയിലെ ജക്കാർത്തയിലാണ് A P O ഗവേണിംഗ് ബോഡി യോഗം നടക്കുന്നത്.

## PM MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി

ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 ആം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും വെള്ളിയാഴ്ച വരെ അറിയിക്കാവുന്നതാണ്.

## SC-ASHOKA UNIV

ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ച് സമൂഹമാധ്യമങ്ങളിലെ അധിക്ഷേപകരമായ പോസ്റ്റുകളുടെ പേരിൽ അറസ്റ്റിലായ അശോക സർവകലാശാലയിലെ പ്രൊഫസർ അലി ഖാൻ മഹ് മൂദാബാദിന് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചു. അതേസമയം അന്വേഷണം സ്റ്റേ ചെയ്യാൻ കോടതി വിസമ്മതിച്ചു. ജസ്റ്റിസുമാരായ സൂര്യകാന്ത്, എൻ. കോടിശ്വർ സിംഗ് എന്നിവരടങ്ങിയ ബെഞ്ച് ഹരിയാന ഡി ജി പി യോട് 24 മണിക്കൂറിനുള്ളിൽ മൂന്ന് അംഗ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാനും നിർദേശം നൽകി.

## SC- JUSTICE VERMA CASE

ഔദ്യോഗിക വസതിയിൽ നിന്ന് പണം കണ്ടെടുത്തെന്ന ആരോപണത്തിൽ ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമ്മയ്ക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന ഹർജി അടിയന്തരമായി പരിഗണിക്കേണ്ടതില്ലെന്ന് സുപ്രീം കോടതി. അന്വേഷണ റിപ്പോർട്ടും ജഡ്ജിയുടെ പ്രതികരണവും രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും അയച്ചിട്ടുണ്ടെന്ന് ജസ്റ്റിസുമാരായ അഭയ് എസ്. ഓക, ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ച് ചൂണ്ടിക്കാട്ടി.

## GOVERNOR (INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ മാറി വരുന്ന യുദ്ധരീതികൾക്ക് ലോകം സാക്ഷ്യം വഹിച്ചതായി കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഓപ്പറേഷൻ സിന്ദൂർ എന്ന വിഷയത്തിൽ പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ എസ്.ഗുരുമൂർത്തിയുടെ പ്രഭാഷണത്തിന് രാജ്ഭവനിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഐഎസ്ആർഒ മുതൽ

ഡിആർഡിഒ വരെയുള്ള സ്ഥാപനങ്ങളുടെ എൻജിനീയറിങ് മികവ് പ്രകടമായ സന്ദർഭമായിരുന്നു ഓപ്പറേഷൻ സിന്ദൂറെന്നും, രാജ്യം ഒറ്റക്കെട്ടായാണ് ഇതിനു പിന്നിൽ അണിനിരന്നതെന്നും, ഗവർണർ പറഞ്ഞു.

(ഹോൾഡ്)

## PLUS TWO RESULT

കേരളത്തിൽ രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നാളെ വൈകുന്നേരം 3 മണിക്ക് പ്രഖ്യാപിക്കും. പ്ലസ് വൺ പരീക്ഷാ ഫലം അടുത്ത മാസം പ്രസിദ്ധീകരിക്കും.

## MALAPPURAM NATIONAL HIGHWAY

മലപ്പുറം കൂരിയാട് തകർന്ന ദേശീയപാത- 66 NHAI വിദഗ്ധ സംഘം പരിശോധിച്ചു. ഡോ. അനിൽ ദീക്ഷിത്, ഡോ. ജിമ്മി തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള വിദഗ്ദ സംഘമാണ് അപകട സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയത്. ഇവർ നല്കുന്ന റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ആയിരിക്കും തുടർ നടപടികൾ.

## RAIN – KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും കോഴിക്കോട്, വയനാട്, തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

## IPL

ഐ പിഎൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ ടോസ് നേടിയ ഡൽഹി ക്യാപിറ്റൽസ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. മുംബൈ വാംഖഡെ സ്റ്റേഡിയത്തിലാണ് മത്സരം.

## REV. BJP-TMC VIOLENCE

മുർഷിദാബാദ് കലാപം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിൽ തൃണമൂൽ കോൺഗ്രസിനെ രൂക്ഷമായി വിമർശിച്ച് ബി ജെ പി. കോടതിയുടെ മേൽനോട്ടത്തിൽ നടക്കുന്ന അന്വേഷണത്തിൻറെ റിപ്പോർട്ടിൽ ഭരണകക്ഷിയിലെ ചില നേതാക്കളുടെ പങ്ക് പരാമർശിച്ചിരുന്നു. പുറത്ത് നിന്നുള്ളവർ കലാപത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന തൃണമൂലിൻറെ വാദം റിപ്പോർട്ട് നിഷേധിച്ചിട്ടുണ്ടെന്നും ബി ജെ പി വക്താവ് സുദാൻഷു ത്രിവേദി ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കലാപത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന നേതാക്കൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന് മുഖ്യമന്ത്രി മമത ബാനർജി വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## PRALHAD JOSHI - UBER

അഡ്വാൻസ് ടിപ്പ് വിഷയത്തിൽ ഓൺലൈൻ ഗതാഗത കമ്പനിയായ ഊബറിന് നോട്ടീസ് അയച്ച് കേന്ദ്രം. അഡ്വാൻസ് ടിപ്പ് സമ്പ്രദായം വളരെയധികം ആശങ്കാജനകമാണെന്നും അത്തരം നടപടികൾ അന്യായമാണെന്നും കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി സമൂഹ മാധ്യമ കുറിപ്പിൽ പറഞ്ഞു. വിഷയത്തിൽ കേന്ദ്ര ഉപഭോക്തൃ കാര്യ മന്ത്രാലയം ഊബറിന് നോട്ടീസ് നൽകി.

## UKRAINES NATIONAL GUARD

അതിർത്തി മേഖലയിൽ പരിശീലനത്തിനിടെ റഷ്യ നടത്തിയ മിസൈൽ ആക്രമണത്തിൽ ആറ് യുക്രെയ്ൻ സൈനികർ കൊല്ലപ്പെട്ടു. 10 പേർക്ക് പരിക്കേറ്റതായി യുക്രെയ്ൻ സൈന്യം അറിയിച്ചു. പരിശീലന ക്യാമ്പിൽ

മിസൈൽ ആക്രമണമെന്ന് അവകാശപ്പെടുന്ന വീഡിയോ റഷ്യൻ പ്രതിരോധ മന്ത്രാലയം നേരത്തെ പുറത്തിറക്കിയിരുന്നു.

## J and K - TIRANGA RALLY

ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ ജമ്മു കശ്മീരിലെ കത്രയിൽ തിരംഗ റാലി സംഘടിപ്പിച്ചു. വിമുക്ത ഭടന്മാർ, യുവാക്കൾ, വിദ്യാർത്ഥികൾ, പ്രദേശവാസികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.